9939
6/6/19

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോഴിക്കോട് ജില്ലയിൽ നിപ്പ വൈറസ് ബാധമൂലം മാറ്റി നിർത്തപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ ഭക്ഷണക്കിറ്റുകൾ നൽകിയ വകയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് ചെലവായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്**

**സ.ഉ.(സാധാ)നം:1413/2019 /റവ. തിരുവനന്തപുരം, തീയതി, 01/06/2019**

---

പരാമർശം:- 1. 20/06/2018-ലെ സ.ഉ.(കൈ) നം. 232/18/റവ

2. 22/11/2018-ലെ കോഴിക്കോട് ജില്ലാ കളക്ടറുടെ DCKKD/7423/18-F1 നമ്പർ കത്ത്

ഉത്തരവ്

നിപ്പ വൈറസ് ബാധമൂലം മാറ്റിനിർത്തപ്പെട്ട മലപ്പുറം ജില്ലയിലെ 150 കുടുംബങ്ങളെയും കോഴിക്കോട് ജില്ലയിലെ 2400 കുടുംബങ്ങളെയും ബന്ധപ്പെട്ട ജില്ലാകളക്ടർമാർ കണ്ടെത്തി, ഓണക്കിറ്റിനു സമാനമായ പല ചരക്കുകൾ ഉൾപ്പെടുത്തി സൗജന്യ റേഷൻ സപ്ലൈകോ വഴി വീടുകളിലെത്തിക്കുന്നതിനും ബില്ലുകൾ ജില്ലാ കളക്ടർ പരിശോധിച്ച് സമർപ്പിക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും റീ-ഇംപേഴ്സ് ചെയ്യുന്നതിനും പരാമർശം-(1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. അപ്രകാരം സൗജന്യ ഭക്ഷണക്കിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ 2,28,713 രൂപ (രണ്ടു ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി എഴുന്നൂറ്റി പതിമൂന്ന് രൂപ) കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപറേഷന് അനുവദിക്കണമെന്ന് പരാമർശം-(2) പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇപ്രകാരം സൗജന്യ ഭക്ഷണക്കിറ്റുകൾ വിത്രണം ചെയ്ത ഇനത്തിൽ ചെലവായ 2,28,713 രൂപ (രണ്ടു ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി എഴുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപറേഷന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായ 2,28,713 രൂപ (രണ്ടു ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി എഴുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 നമ്പർ അക്കൗണ്ട് മുഖാന്തിരം പിൻവലിച്ച് കോഴിക്കോട് ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ പ്രസ്തുത തുക കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപറേഷൻ ലിമിറ്റഡിന്റെ ബന്ധപ്പെട്ട ഡിപ്പോകളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് രസീത് കൈപ്പറ്റേണ്ടതുമാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.ടി.കെ,
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, കോഴിക്കോട്
ജില്ലാ സപ്ലൈസ് ഓഫീസർ, കോഴിക്കോട്
റീജിയണൽ മാനേജർ, സപ്ലൈക്കോ റീജിയണൽ ഓഫീസ്, ജയിൽ റോഡ്, കോഴിക്കോട്-4
ഡിപ്പോ മാനേജർ, സപ്ലൈക്കോ ഡിപ്പോ, കോഴിക്കോട്/കൊയിലാണ്ടി.
മാനേജിംഗ് ഡയറക്ടർ, സപ്ലൈക്കോ , മാവേലി ഭവൻ, ഗാന്ധി നഗർ, കൊച്ചി-20

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ധനകാര്യ (ബഡ്ജറ്റ്) വകുപ്പ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പ്.

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ

പകർപ്പ്-ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്.